**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **11-03-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി രൂപപ്പെടുത്തിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ടൂറിസം മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ടൂറിസം വകുപ്പ് ആവിഷ്കരിച്ച പ്രത്യേക പദ്ധതിയാണ് സ്ത്രീ സൗഹൃദ വിനോദ സഞ്ചാരം. ഒറ്റയ്ക്കും കൂട്ടായും യാത്ര ചെയ്യുന്ന സ്ത്രീ യാത്രികരെ പ്രോത്സാഹിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ഇത്. ഇതുവഴി സുരക്ഷിത യാത്രകൾ പ്രദാനം ചെയ്യുവാനും വകുപ്പ് ലക്ഷ്യമിടുന്നു. സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ, സ്ത്രീകൾ നേതൃത്വം നൽകുന്ന ഫാം ടൂറിസം യൂണിറ്റുകൾ, ഇതര സംരഭങ്ങൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു.<br><br>കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ, ഡ്രൈവർമാർ, ഹോംസ്റ്റേകൾ , റെസ്റ്റോറന്റ് മേഖലകളിൽ സംരംഭങ്ങൾ ആരംഭിച്ച് ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പിലാക്കി വരുന്നു. കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി വളരുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുക, നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ, സ്ഥാപനങ്ങൾ, ആളുകൾ എന്നിവരുടെ ഒരു നെറ്റ്‌വർക്ക് ഉണ്ടാക്കിയെടുക്കുക, പരസ്പര സഹവർത്തിത്തത്തോടെ പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടു പോകുക, ഈ മേഖലയിൽ ഉള്ള മാതൃകകൾ ആഗോളതലത്തിൽ പ്രസന്റ് ചെയ്യുക, അനുയോജ്യമായ മാതൃകകൾ/ ആശയങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ ജൻഡർ ഇൻക്ലൂസീവ് ടൂറിസം &റെസ്പോൺസിബിൾ ടൂറിസം 2024 നവംബർ 30, ഡിസംബർ1, 2 തീയതികളിൽ മൂന്നാറിൽ വച്ച് നടന്നു.<br><br>യു.എൻ വുമൺ - ഇന്ത്യയുടെ സാങ്കേതിക സഹകരണത്തോടു കൂടിയാണ് സ്ത്രീ സൗഹാർദ വിനോദ സഞ്ചാര പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നത്. ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡി, ജൻഡർ ഓഡിറ്റ്, വിവിധ പരിശീലന പരിപാടികൾ, POSH ട്രെയിനിംഗ് ഉൾപ്പെടെ ഉള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആയ യൂണിറ്റുകൾ ഉത്തരവാദിത്വ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തത് സംബന്ധിച്ച വിശദാംശം ലഭ്യമാണോ; | (ബി) | സ്ത്രീ സൗഹൃദ വിനോദസഞ്ചാര മേഖലയിൽ നാളിതുവരെ 18000 വനിതകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സ്പീരിയൻസ് എത്തിക് ക്യുസിൻ എന്ന കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ഫുഡ് നെറ്റ് വർക്കിൽ 2000 വനിതകളാണ് സംരഭകരായുള്ളത്. സുവനീറുകളും ഹാന്റി ക്രാഫ്റ്റുകളും നിർമ്മിക്കുന്ന യൂണിറ്റുകളിൽ 1800 സ്ത്രീകളും, ഫാം ടൂറിസം യൂണിറ്റുകളിൽ 860 ഉം വിവിധ ഉത്പാദന വിപണന യൂണിറ്റുകൾ, കലാഗ്രൂപ്പുകൾ എന്നിവയിലായി 5800 വനിതകളും ഭാഗമാണ്. വനിതകൾ നയിക്കുന്ന 52 ടൂർ കമ്പനികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമാണ്. |
| (സി) | സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന സഹായവും പ്രസ്തുത രംഗത്തെ പുരോഗതിയും വെളിപ്പെടുത്തുമോ; | (സി) | സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നിലവിൽ പ്രൊമോഷൻ & മാർക്കറ്റിങ് നൽകി വരുന്നുണ്ട്. ആവശ്യമായ പരിശീലനങ്ങളും നൽകിവരുന്നു. ടൂറിസ്റ്റുകൾക്കു ഇത്തരം സ്റ്റാർട്ടപ്പുകൾ പരിചയപ്പെടുത്താൻ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന വിവിധ എക്സിബിഷനുകളിൽ അവസരം നൽകാറുമുണ്ട്. സ്റ്റാർട്ടപ്പുകളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി MOU ഒപ്പുവച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള പദ്ധതികളും ഇതിൽ പരിഗണിക്കും. |
| (ഡി) | സ്ത്രീകളുടെ ചെറുസംഘങ്ങളായുള്ള യാത്രകളെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | സ്ത്രീകളുടെ ചെറു സംഘങ്ങളായുള്ള യാത്രകളെ പ്രോത്സാഹിപ്പിക്കാൻ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ഫെമിലറൈസേഷൻ ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. ഇതിനു പുറമെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നേരിട്ട് ഡിസ്കൗണ്ടഡ് ടൂർ പാക്കേജുകളും നടത്തിവരുന്നു . |

സെക്ഷൻ ഓഫീസർ